**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ (ജനറൽ ഫണ്ട്)**

**നടപടിക്രമം**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ**

**കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ : ബിന്ദുമോൾ ഡി )**

വിഷയം :-കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രകാരമുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :-1) സർക്കാർ ഉത്തരവ് (പി ) നം.27/2021/ധന. തീയതി, 10/2/2021

2)ഈ ആഫീസിലെ 23/11/2020-തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

3)ഈ ആഫീസിലെ 3/4/2021 തീയതിയിലെ ADFW/2018/2021-583 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. എസ് എ (2) 25748/2017 തീയതി. 30/ 6 / 2021**

പരാമർശം ഒന്നിലെ 11-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടുമാരുടെ ഹയർഗ്രേഡ് അനുപാതം 33% ആയി 50200-105300 രൂപ (പുതുക്കിയ സ്കെയിൽ) എന്ന പുതിയ ശമ്പള സ്കെയിലിൽ നിശ്ചയിച്ച് 1/7/2019 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട് .

ജൂനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിരുന്ന ശ്രീ പവിത്രൻ സി ശ്രീ ഗോപി ടി വി , ശ്രീ ജെയിംസ് ഗ്രിഗറി എന്നിവർക്ക് സീനിയർ സൂപ്രണ്ടായി പരാമർശം (3) ഉത്തരവ് പ്രകാരം റഗുലർ പ്രൊമോഷൻ ലഭിച്ചതിനാലും , ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) ശ്രീമതി ഏലിയാമ്മ ലിയോൺ 30/4/2021-ലും , ശ്രീ . രാജീവ് കെ. വി , ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) 31/5/2021-ലും സേവനത്തിൽ നിന്ന് വിരമിച്ചതിനാലും ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ 5 ഒഴിവുകൾ നിലവിലുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഏറ്റവും സീനിയറായ 5 പേർക്ക്, സീനിയോറിറ്റി ക്രമത്തിൽ 11-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, 50200-105300 രൂപ ശമ്പള സ്കെയിലിൽ ഇതോടൊപ്പമുള്ള പട്ടികയിലെ കോളം നമ്പർ 6-ൽ സൂചിപ്പിച്ചിരിക്കുന്ന തീയതികളിൽ പ്രാബല്യം വരുന്ന വിധത്തിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ടി ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവരുടെ തസ്തിക താല്കാലികമായി ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്) എന്ന് ഉയർത്തിക്കൊണ്ടും ഉത്തരവാകുന്നു.

ഇപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് കെ.എസ്.ആർ ഭാഗം I ചട്ടം 28 എ പ്രകാരം ശമ്പള നിർണ്ണയത്തിനും കുടിശ്ശിക കൈപ്പറ്റുന്നതിനുമുള്ള അർഹത ഉണ്ടായിരിക്കുന്നതാണ് . എന്നാൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ച തീയതിയിലോ അതിനുമുമ്പോ 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് (സീനിയർ സൂപ്രണ്ടിന്റെ സ്കെയിലിൽ ) ലഭിച്ചവർക്ക് ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല

മേൽ പ്രസ്താവിച്ച ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലെ ഉദ്യോഗക്കയറ്റം

താത്ക്കാലികവും,ബഹുമാനപെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലുള്ളതുമായ , C.P(C) 22/2020 in OA 1062/16 നമ്പർ കേസിലെ അന്തിമ വിധിക്കും, സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി സംബന്ധിച്ചുള്ള OA 1062/16, 1236/16 ഉൾപ്പെടെ മറ്റ് സമാന കേസുകളിൽ പുറപ്പെടുവിച്ചിട്ടുള്ള അന്തിമവിധിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ തീരുമാനത്തിനും, ഉത്തരവിനും വിധേയമായിരിക്കും.

ഈ ഉത്തരവ് കൃഷി വകുപ്പിന്റെ www.keralaagriculture.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ് /-

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസര്**
**( ഇൻ-ചാർജ്)**

ഉള്ളടക്കം :- 1) അനുബന്ധം - 1.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് - പ്രിൻസിപ്പൽ കൃഷി ആഫീസർ / മേലധികാരി മുഖേന

പകർപ്പ് :-എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മറ്റ് ആഫീസ് തലവൻമാർക്കും.
കൃഷി ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സി എ-മാർക്ക്.
കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐറ്റി സെല്ലിന് - കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
സംഭരണ ഫയൽ / അധികം.

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

## അനുബന്ധം

**ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് ( ഹയർ ഗ്രേഡ് ) തസ്തികയിലേക്കുള്ള റേഷ്യോ പ്രൊമോഷൻ**

**( 50200-105300 രൂപ -പുതുക്കിയ സ്കെയിൽ )**

**ഉത്തരവ് നമ്പർ എസ് എ (2) 25748/2017 തീയതി 30/ 6 / 2021**

| ക്രമ നമ്പർ | ഒഴിവ് നിലവിൽ വന്ന തീയതി | ഒഴിവ് നിലവിൽ വന്ന രീതി | ഉദ്യോഗക്കയറ്റം നൽകപ്പെടുന്ന ജൂനിയർ സൂപ്രണ്ടിന്റെ പേര് / നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് | ജനന തീയതി | ജൂനിയർ സൂപ്രണ്ട് ( ഹയർ ഗ്രേഡ് ) കേഡറിലേക്കുള്ള ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശ്രീ പവിത്രൻ സി ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് ) -ന സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ചത് | 3/4/2021 | ശ്രീമതി .സിജ്ജ .എസ് .എൽ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം | 31/5/1976 | 3/4/2021 | |
| 2 | ശ്രീ ഗോപി ടി വി ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് ) -ന സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ചത് | 3/4/2021 | ശ്രീമതി ബീന കെ ദാസ് പ്രിൻസിപ്പൽ കൃഷി ഓഫീസ് ആലപ്പുഴ | 22/11/1976 | 3/4/2021 | |
| 3 | ശ്രീ ജെയിംസ് ഗ്രിഗറി ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് ) -ന സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ചത് | 3/4/2021 | ശ്രീമതി നന്ദിനി എം പി കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം | 21/4/1977 | 3/4/2021 | |
| 4 | ശ്രീമതി ഏലിയാമ്മ ലിയോൺ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് ) 30/4/2021 -ന വിരമിച്ച ഒഴിവ് | 1/5/2021 | ശ്രീമതി സിന്ധു ഓ പ്രിൻസിപ്പൽ കൃഷി ഓഫീസ് കണ്ണൂർ | 4/3/1978 | 1/5/2021 | |
| 5 | ശ്രീ . രാജീവ് .കെ .വി ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ് ) 31/5/2021 -ന വിരമിച്ച ഒഴിവ് | 1/6/2021 | ശ്രീ ശരത്ചന്ദ്രൻ സി ആർ ജില്ലാ കൃഷിത്തോട്ടം അഞ്ചൽ | 20/3/1978 | 1/6/2021 | |

ഒപ്പ് /-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

(ഇൻ ചാർജ്)

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33